ടൂറിസം വകുപ്പിലെ ദിവസക്കൂലി ജീവനക്കാർ

25 [2737] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലായി ആകെ എത്ര ജീവനക്കാർ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലിനോക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പി. എസ്. സി. വഴി നിയമനം നടത്താനുള്ള എത്ര തസ്തികകളിലാണ് ഈ ജീവനക്കാർ ജോലി നോക്കുന്നത്;

(സി) ഒഴിവുള്ള സ്ഥിരം തസ്തികകളിൽ പി. എസ്. സി. വഴി സ്ഥിരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) ഇല്ലെങ്കിൽ പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 185 ജീവനക്കാർ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നു.

(ബി) പി. എസ്. സി. വഴി നിയമനം നടത്താനുള്ള 53 തസ്തികകളിലാണ് ഈ ജീവനക്കാർ ജോലി നോക്കി വരുന്നത്.

(സി) ഉണ്ട്.

(ഡി) പി. എസ്. സി. മുഖേന സ്ഥിരം നിയമനം നടത്തേണ്ട ലാസ്കർ, വാച്ചർ, പ്യൂൺ, ബട്ട്ലർ, ഷോഫർ, സി. എ. ഗ്രേഡ് II എന്നീ തസ്തികകളിലെ ഒഴിവുകൾ എല്ലാം തന്നെ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. ലാസ്കർ, വാച്ചർ, പ്യൂൺ എന്നീ തസ്തികകളിൽ പി. എസ്. സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് നിയമനം നടത്തിവരുന്നു.

(ഇ) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

സംസ്ഥാനത്തെ ജലസേചന പദ്ധതികളും ജല വിനിയോഗവും

26 [2738] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിവർഷം സംസ്ഥാനത്തെ നദികളിൽ ശരാശരി എത്ര വെള്ളം ഒഴുകി എത്തുന്നു എന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ജലത്തിൽ എത്ര ഭാഗം കുടിവെള്ളത്തിനായും ജലസേചനത്തിനായും മറ്റ് ആവശ്യത്തിനായും ഉപയോഗിക്കുന്നു എന്നു വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ നദികളിൽ എത്ര ഭാഗം ജലമാണ് അന്യ സംസ്ഥാനങ്ങൾക്ക് നല്കുന്നത് എന്നു പറയാമോ;

(ഡി) നദികളിലെ ജലവും മഴവെള്ളവും ഉൾപ്പെടെ സംസ്ഥാനത്ത് ലഭ്യമാക്കുന്ന ജലത്തിന്റെ എത്ര അളവ് ജലമാണ് കടലിലേക്ക് ഒഴുകി പോകുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) ജല സംരക്ഷണത്തിനായി കൂടുതൽ തടയണകൾ നിർമ്മിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ നദികളിലെ ജലലഭ്യത 2884 ടി. എം. സി.-യാണ് (ആയിരം ദശലക്ഷം ഘനയടി) ഇതിൽ 1510 ടി. എം. സി. മാത്രമാണ് ഉപയോഗയോഗ്യമായിട്ടുള്ളത്.

(ബി)

1.	ജലസേചനം	.. 1020	ടി. എം. സി.
2.	ഗാർഹിക വ്യാവസായികാവശ്യങ്ങൾ	.. 265	ടി. എം. സി.
3.	ലവണ നിർമ്മാർജ്ജനവും ജലഗതാഗതവും	.. 254	ടി. എം. സി.
4.	കരിനിലങ്ങളിലെ വിഷനിർമ്മാർജ്ജനം	.. 177	ടി. എം. സി.

(സി) കേരളവും തമിഴ്നാടും തമ്മിലുള്ള കരാർ പ്രകാരം കേരളത്തിലെ നദികളിൽനിന്നും പ്രതിവർഷം 53.8 ടി. എം. സി. ജലം തമിഴ്നാടിന് കൊടുക്കുന്നുണ്ട്. കൂടാതെ കരാറില്ലാതെ നെയ്യാറിൽ നിന്നും പ്രതിവർഷം ഉദ്ദേശം 180 എം. എം. 3 വെള്ളം തമിഴ്നാടിന്റെ വിളവൻകോട് താലൂക്കിലെ കൃഷിക്കായി വിട്ടുകൊടുക്കുന്നുണ്ട്.

(ഡി) കേരളത്തിലെ മൊത്തം ജല സമ്പത്ത് 2484 ടി. എം. സി.-യാണ് അതിൽ 1510 ടി. എം. സി. ജലം മാത്രമേ ഉപയോഗയോഗ്യമായിട്ടുള്ളു. വെള്ളത്തിന്റെ വാർഷിക ആവശ്യം 1716 ടി. എം. സി.-യാണ്.

(ഇ) സംസ്ഥാനത്ത് നൂറോളം തടയണകളുടെ പര്യവേഷണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly